**HADIA CSE Khutba Notes (29.03.2019)**

# അവധിക്കാലം; കളിയും കാര്യവും

സ്കൂളുകൾ രണ്ടു മാസത്തെ അവധിക്ക് പൂട്ടാൻ പോകുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇതൊരു ആനന്ദക്കാലമാണ്. ഓരോരുത്തരും അവധിക്കാലം എങ്ങനെ വിനിയോഗിക്കണം എന്ന് പദ്ധതിയിട്ട് കാത്തിരിക്കുകയായിരിക്കും. വിനോദ കേന്ദ്രങ്ങളും ടർഫുകളും (നാട്ടിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൃത്രിമ പുല്ല് പിടിപ്പിച്ചുകൊണ്ടുള്ള ഫൂട്ട് ബാൾ ഗ്രൗണ്ട്) നീന്തൽ കുളങ്ങളും നമ്മുടെ മക്കളെ കാത്തിരിക്കുകയാണ്.

ഈ സമയത്ത് നമുക്ക് ചെയ്യാവുന്ന നാല് കാര്യങ്ങൾ ചർച്ച ചെയ്യാം...

1. വിദ്യാലയത്തോടുള്ള സമീപനം

ചായം പൂശിയും തിമർത്താടിയുമാണ് നമ്മുടെ മക്കൾ വിദ്യാലയത്തിന്റെ പടിയിറങ്ങുന്നത്. അധ്യാപകരും വിദ്യാലയവും പാഠപുസ്തകങ്ങളും നാം അറിയാത്തത് നമുക്ക് പകർന്നു തരുന്ന സ്രോതസ്സുകളാണ്. പഠനോപകരണങ്ങളെ വളരെയധികം ബഹുമാനിച്ച മതമാണ് ഇസ്‌ലാം. പേനയെ കൊണ്ട് സത്യം ചെയ്ത് പറഞ്ഞിട്ടുണ്ട് ഖുർആനിൽ. ن والقلم وما يسطرون

പഠനം കഴിഞ്ഞാൽ പാഠപുസ്തകം വലിച്ചെറിയുക, വർഷം അവസാനിച്ചതിന്റെ സന്തോഷത്തിൽ അവ കൂട്ടിയിട്ട് കത്തിക്കുക, അധ്യാപകരുടെ മുഖത്ത് ചായം തേക്കുക, കൂവി വിളിക്കുക, വിദ്യാലയത്തിലെ ഫർണിച്ചറുകളും മറ്റും നശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലേക്കൊന്നും നമ്മുടെ മക്കൾ പോകാൻ പാടില്ല. ഇതെക്കുറിച്ച് മക്കളെ ബോധവാൻമാരാക്കണം.

അധ്യാപകരുടെ കൈ പിടിച്ച് യാത്ര പറഞ്ഞ് അനുഗ്രഹം നേടിയാകണം നമ്മുടെ മക്കൾ വിദ്യാലയത്തിന്റെ പടിയിറങ്ങേണ്ടത്.

2. ഇനി തിരിച്ചറിവിന്റെ കാലം

ഏറ്റവും വലിയ സോഷ്യൽ എഞ്ചിനിയർമാരാണ് അധ്യാപകർ. അവരിൽ നിന്ന് വേണ്ടുവോളം അറിവ് സമ്പാദിച്ചാണ് മക്കൾ പടിയിറങ്ങുന്നത്. അറിവിന്റെ പത്ത് മാസം കഴിഞ്ഞു. ഇനി തിരിച്ചറിവിന്റെ രണ്ടു മാസം. പഠിച്ചെടുത്ത കാര്യങ്ങൾ എങ്ങനെ പ്രാവർത്തികമാക്കുന്നു എന്നത് പ്രധാനമാണ്. കുട്ടികൾ സ്വയം താൽപര്യമെടുത്ത് ഓരോ കാര്യങ്ങൾക്കും പദ്ധതിയിടണം. കളി, വിനോദയാത്ര, കുടുംബ സന്ദർശനം, സാമൂഹിക പ്രവർത്തനം, വായന, സൗഹൃദം തുടങ്ങി ഓരോന്നിനും ടൈം മാനേജ് ചെയ്തുവക്കാൻ കുട്ടികൾക്ക് സാധിക്കും. രക്ഷിതാക്കൾ അതിനുള്ള പ്രചോദനവും സഹായവും നൽകിയാൽ മതി.

3. ഒഴിവ് സമയം എങ്ങനെ വിനിയോഗിക്കാം?

عَنْ ابْنِ عَبَّاسٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نِعْمَتَانِ مَغْبُونٌ فِيهِمَا كَثِيرٌ مِنْ النَّاسِ الصِّحَّةُ وَالْفَرَاغُ

കുട്ടികൾക്ക് ആരോഗ്യമുണ്ട്, ഇനിയിതാ ഒഴിവും വരുന്നു. ഇത് ശ്രദ്ധിച്ച് ഉപയോഗിച്ചേ പറ്റൂ.

എ) കളിയും വിനോദവും

അവധിക്കാലത്തും മക്കളെ എവിടെക്കും കൊണ്ടുപോകാതെ വീട്ടിലടച്ചിടുന്ന രക്ഷിതാക്കളുണ്ട്. കുട്ടികളുടെ മാനസികാരോഗ്യത്തെ ഇത് ബാധിക്കും. രക്ഷിതാക്കൾ തന്നെ മുൻകൈയെടുത്ത് മക്കൾക്കാവശ്യമായ നല്ല വിനോദ മാർഗങ്ങൾ പറഞ്ഞുകൊടുക്കണം. രക്ഷിതാക്കൾ മക്കളുമായി കൂട്ടുകൂടാൻ സമയം കണ്ടെത്തുകയും വേണം.

**HADIA CSE Khutba Notes (29.03.2019)**

# അവധിക്കാലം; കളിയും കാര്യവും

തിരു നബി (സ്വ) പറയുന്നു:

عَنْ عَمْرِو بْنِ أَبِي عَمْرٍو ، عَنِ الْمُطَّلِبِ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " الْهَوْا وَالْعَبُوا ، فَإِنِّي أَكْرَهُ أَنْ يُرَى فِي دِينِكُمْ غِلْظَةٌ" ( بيهقي)

തന്റെ പേരക്കുട്ടികളുമായി കളിക്കാറുണ്ടായിരുന്ന തിരുനബി (സ്വ)യെ നാം കാണുന്നു:

عَنْ سُفْيَانَ الثَّوْرِيِّ ، عَنْ أَبِي الزُّبَيْرِ ، عَنْ جَابِرٍ قَالَ : دَخَلْتُ عَلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَإِذَا هُوَ عَلَى أَرْبَعَ وَالْحَسَنُ وَالْحُسَيْنُ رَضِيَ اللَّهُ عَنْهُمَا عَلَى ظَهْرِهِ ، وَهُوَ يَحْبُو بِهِمَا فِي الْبَيْتِ وَهُوَ يَقُولُ : " نِعْمَ الْجَمَلُ جَمَلُكُمَا ، وَنِعْمَ الْعِدْلانِ أَنْتُمَا.

ബി) യാത്ര

യാത്രകൾ ലക്ഷ്യം കാണുന്നതാകണം. ഉപകാരപ്രദമാകണം. ഖുർആൻ യാത്രകൾ നടത്താൻ നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

قُلْ سِيرُوا فِي الْأَرْضِ فَانظُرُوا كَيْفَ بَدَأَ الْخَلْقَ ۚ ثُمَّ اللَّهُ يُنشِئُ النَّشْأَةَ الْآخِرَةَ ۚ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ (٢٠) عنكبوت

قُلْ سِيرُوا فِي الْأَرْضِ ثُمَّ انظُرُوا كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ (١١) الأنعام

മുൻ തലമുറകളുടെ അധ്വാനവും പ്രയാസങ്ങളും മനസ്സിലാക്കാനാകണം യാത്രകൾ. വാട്ടർ തീം പാർക്കുകളിൽ നിന്ന് മാറി കുട്ടികൾ പഠിച്ചുവച്ച ചരിത്ര സ്മാരകങ്ങളും പാവപ്പെട്ടവർ താമസിക്കുന്ന ഗ്രാമപ്രദേശങ്ങളും നേരിട്ടു കാണാനുള്ള അവസരമൊരുക്കണം. സയൻസ് പാർക്കുകൾ, മ്യൂസിയങ്ങൾ, സ്വാലിഹുകളുടെ മഖ്ബറകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കലാ സാംസ്കാരിക സംരംഭങ്ങൾ, പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, വൃദ്ധ സദനങ്ങൾ, ആശുപത്രികൾ തുടങ്ങി കുട്ടികളിൽ ചരിത്ര ബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്ന രീതിയിലുള്ളതാകണം നമ്മുടെ യാത്രകൾ. ഭാവിയിൽ മക്കൾക്ക് പഠിക്കാനുള്ള വലിയ യൂണിവേഴ്സിറ്റികളും കോളേജുകളും അവിടങ്ങളിലെ സൗകര്യങ്ങളുമെല്ലാം ഇപ്പോൾ തന്നെ അവരെ കാണിക്കണം. ജീവിതത്തിലുടനീളം അവർ ചെയ്യേണ്ടി വരുന്ന സാമൂഹിക പ്രവർത്തനങ്ങളുടെ മുൻമാതൃകകൾ അവർക്ക് കാണാനാകണം.

സി) സഹവാസം

മതപണ്ഡിതൻമാർ, സ്വാലിഹുകൾ, ചിന്തകൻമാർ തുടങ്ങിയവർ പങ്കെടുക്കുന്ന സഹവാസ ക്യാമ്പുകൾ ഇന്ന് പലയിടത്തും നടക്കുന്നുണ്ട്. ഒന്നുകിൽ ഇത്തരം ക്യാമ്പുകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയോ അല്ലെങ്കിൽ ഇത്തരം ആളുകളെ സന്ദർശിച്ച് അവരുമായി ബന്ധം സ്ഥാപിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയോ വേണം.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ (١١٩) التوبة

കടലാസുകളിൽ നിന്നല്ല ദീൻ പഠിക്കേണ്ടത്. അമൽ ചെയ്യുന്ന സ്വാലിഹുകളിൽ നിന്നാണ്. അവരുമായുള്ള സഹവാസം ഉണ്ടാക്കണം.

## അവധിക്കാലം; കളിയും കാര്യവും

عَنْ أَبِي الدَّرْدَاءِ ، أَنَّهُ قَالَ : كُنَّا مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَشَخَصَ بِبَصَرِهِ إِلَى السَّمَاءِ ، ثُمَّ قَالَ : " هَذَا أَوَانُ يُخْتَلَسُ الْعِلْمُ مِنَ النَّاسِ حَتَّى لا يَقْدِرُوا مِنْهُ عَلَى شَيْءٍ " . قَالَ : فَقَالَ زِيَادُ بْنُ لَبِيدٍ الأَنْصَارِيُّ : يَا رَسُولَ اللَّهِ ، وَكَيْفَ يُخْتَلَسُ مِنَّا ، وَقَدْ قَرَأْنَا الْقُرْآنَ ؟ فَوَاللَّهِ لَنَقْرَأَنَّهُ وَلَتَقْرَأَنَّهُ نِسَاؤُنَا وَأَبْنَاؤُنَا ، فَقَالَ : " ثَكِلَتْكَ أُمُّكَ يَا زِيَادُ إِنِّي كُنْتُ لأَعُدُّكَ مِنْ فُقَهَاءِ أَهْلِ الْمَدِينَةِ هَذَا التَّوْرَاةُ وَالإِنْجِيلُ عِنْدَ الْيَهُودِ وَالنَّصَارَى فَمَاذَا تُغْنِي عَنْهُمْ ؟ " . قَالَ جُبَيْرٌ : فَلَقِيتُ عُبَادَةَ بْنَ الصَّامِتِ ، فَقُلْتُ لَهُ : أَلا تَسْمَعُ مَا يَقُولُ أَخُوكَ أَبُو الدَّرْدَاءِ ، أَخْبَرْتُهُ بِالَّذِي قَالَ ، قَالَ : صَدَقَ أَبُو الدَّرْدَاءِ إِنْ شِئْتَ لأُحَدِّثَنَّكَ بِأَوَّلِ عِلْمٍ يُرْفَعُ مِنَ النَّاسِ : الْخُشُوعُ يُوشِكُ أَنْ تَدْخُلَ مَسْجِدَ الْجَمَاعَةِ فَلا تَرَى فِيهِ رَجُلًا خَاشِعًا ؟

ഇത് മക്കളിൽ ഇഹ്സാൻ വളർത്താൻ സഹായിക്കും.

ورد في صحيح مسلم عن عمر بن الخطاب: في حديث جبريل الطويل وفيه: فأخبرني عن الإحسان؟ قال: «الإحسان أن تعبد الله كأنك تراه، فإن لم تكن تراه فإنه يراك.

ഡി) പൊതുപ്രവർത്തനം

അവധിക്കാലം എന്നത് എല്ലാ നന്മക്കും അവധി കൊടുക്കാനുള്ളതല്ല, ഒരു നന്മയിൽ നിന്ന് മറ്റൊന്നിലേക്ക് മാറാനുള്ളതാണ്.

فَإِذَا فَرَغْتَ فَانصَبْ (٧) الشرح

ഇന്ന് നമ്മുടെ നാടുകളിൽ ഒട്ടനവധി കാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഇവയുമായി കുട്ടികളെ ബന്ധപ്പെടുത്താൻ നമുക്ക് സാധിക്കണം. സംഘടനകളുമായോ പള്ളി, മദ്റസാ കമ്മിറ്റിയുമായോ ചില രക്ഷിതാക്കൾക്ക് വ്യക്തിപരമായ പ്രശ്നങ്ങൾ കാരണം അകൽച്ച ഉണ്ടായേക്കാം. സംഘടനകളിലെ ഏതെങ്കിലും വ്യക്തിയോടുള്ള വിദ്വേശമാകാം ഇതിനു കാരണം. ഇതിന്റെ പേരിൽ മക്കളെ ഇത്തരം സംഘടനകളുമായി അടുപ്പിക്കാതിരുന്നാൽ, പിന്നീട് അവർ പോകുന്നത് ക്ലബുകളിലേക്കോ മൊബൈൽ ഗെയ്മുകളിലേക്കോ ആയിരിക്കും. മൊബൈലുകളുടെ ലോകത്ത് നിന്ന് മാറി, ജനങ്ങൾക്കിടയിലേക്ക് ഇറങ്ങാൻ കുട്ടികളെ ഇത് പ്രേരിപ്പിക്കും. കുട്ടികൾക്ക് നല്ല എങ്കേജ്മെന്റും സൗഹൃദവും ലഭിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا , قَالَتْ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " الْمَرْءُ عَلَى دِينِ خَلِيلِهِ فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلْ " . رَوَاهُ أَبُو دَاوُدَ

ഇല്ലെങ്കിൽ അവരെ വഴി പിഴപ്പിച്ചവരുടെ കൂട്ടത്തിൽ രക്ഷിതാക്കളായ നാമും പെട്ടുപോകും. അന്ത്യനാളിലെ ചൂടിൽ നിന്ന് രക്ഷ ലഭിക്കാൻ വഴിപിഴപ്പിച്ചവരെ വിളിച്ചു വരുത്തി കാലിനടിയിൽ കിടത്തുന്ന ഒരു രംഗം ഖുർആൻ വിശദീകരിക്കുന്നുണ്ട്. ഇത് മാതാപിതാക്കളാണെന്നും നേതാക്കളാണെന്നും വ്യാഖ്യാനമുണ്ട്.

وَقَالَ الَّذِينَ كَفَرُوا رَبَّنَا أَرِنَا اللَّذَيْنِ أَضَلَّانَا مِنَ الْجِنِّ وَالْإِنسِ نَجْعَلْهُمَا تَحْتَ أَقْدَامِنَا لِيَكُونَا مِنَ الْأَسْفَلِينَ (٢٩) فصلت

**HADIA CSE Khutba Notes (29.03.2019)**

# അവധിക്കാലം; കളിയും കാര്യവും

4) മക്കളുടെ ഒഴിവു സമയവുമായി ബന്ധപ്പെട്ട് നാം ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യങ്ങൾ കൂടി പറയാം.

ഇതുവരെ മക്കൾ സ്കൂളുകളിലും മദ്റസകളിലുമായിരുന്നു. അവരുടെ കൂടെ ജീവിക്കാൻ രക്ഷിതാക്കൾക്ക് അധികം സമയം കിട്ടിയിട്ടില്ല. ഇപ്പോൾ കിട്ടുന്ന ഈ അവസരം നാം ശരിക്കും ഉപയോഗപ്പെടുത്തണം.

يقول الرسول صلى الله عليه وسلم: "الزموا أولادكم وأحسنوا أدبهم"

മാതാപിതാക്കൾക്ക് അറിയാത്ത ഒരു രഹസ്യവും മക്കളിൽ ഉണ്ടാകരുത്. മക്കൾക്ക് സമീപിക്കാൻ സാധിക്കുന്ന രക്ഷിതാക്കളാവുക എന്നതാണ് നാം ചെയ്യേണ്ടത്. അപ്പോൾ മാത്രമേ അവരുടെ തെറ്റുകൾ തിരുത്താൻ നമുക്ക് സാധിക്കൂ.

തെറ്റുകൾ വളരെ ഗൗരവത്തോടെ തന്നെ കാണണം. തെറ്റ് ശീലമായാൽ പിന്നെ അത് ഉപബോധമനസ്സ് ഏറ്റെടുക്കും. പിന്നെ തെറ്റ് ചെയ്യുന്നത് മക്കൾ അറിയില്ല. നിന്ന് മൂത്രമൊഴിക്കുന്നതും സുഹൃത്തുക്കളെ അനാവശ്യ പേര് വിളിക്കുന്നതുമെല്ലാം ഇങ്ങനെയാണ്. അതുകൊണ്ട് തെറ്റ് കാണുമ്പോൾ ഉടൻ തിരുത്തണം.

മക്കളുമായി കളിക്കുകയും തമാശ പറയുകയും ചെയ്യുന്ന തിരുനബി (സ്വ) തന്നെയാണ് അവർ പൊതുമുതൽ ഭക്ഷിച്ചപ്പോൾ തിരുത്തിയതും.

ഇതു വരെ അവർ പഠിച്ചതിന്റെ പരിശീലനത്തിന്റെ കാലമാണ് അവധിക്കാലം. സൈക്കിൾ പഠനം, നീന്തൽ പഠനം പോലെ തന്നെയാണ് ഇതും. തിയറി പഠിച്ചതുകൊണ്ട് കുട്ടികൾ നന്നാവില്ല. പരിശീലനം വേണം.

ജമാഅത്തിന് പള്ളിയിൽ കൊണ്ടുപോയും രോഗികളെ സന്ദർശിക്കാൻ കൊണ്ടുപോവുകയും വേണം.

കുട്ടികൾക്ക് നിസ്കാരം നിർബന്ധമാകുന്നത് പ്രായപൂർത്തിയാകുമ്പോഴാണ് എന്നിരിക്കെ തന്നെ, 7 വയസ്സായാൽ കൽപിക്കണമെന്നും 10 വയസ്സായാൽ ചെയ്തില്ലെങ്കിൽ അടിക്കണം എന്നും പറയുന്നത് ഈ പരിശീലനത്തിന് വേണ്ടിയാണ്.

മക്കൾ തഖ് വയുള്ളവരാകണം എന്ന് ആഗ്രഹിക്കുന്നവരാണ് നാം. മുത്തഖീങ്ങളുടെ ഇമാം ആക്കണേ എന്ന് നാം ദുആ ചെയ്യാറുണ്ട്.

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا (٧٤) فرقان

അതിന് മക്കൾക്ക് മാതൃകയായി ജീവിക്കാൻ സാധിക്കണം. മക്കൾ നമ്മുടെ വാക്കുകൾ അനുസരിക്കുന്നവർ അല്ല, നമ്മുടെ പ്രവൃത്തികൾ പിൻപറ്റുന്നവരാണ്.

മക്കളെ അല്ലാഹു നിഅ്മത്തായും ദുൻയാവിന്റെ ഭംഗിയായും വർണിക്കുന്നുണ്ട്.

الْمَالُ وَالْبَنُونَ زِينَةُ الْحَيَاةِ الدُّنْيَا وَالْبَاقِيَاتُ الصَّالِحَاتُ خَيْرٌ عِنْدَ رَبِّكَ ثَوَابًا وَخَيْرٌ أَمَلًا - الكهف

**HADIA CSE Khutba Notes (29.03.2019)**

## അവധിക്കാലം; കളിയും കാര്യവും

فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ وَاسْمَعُوا وَأَطِيعُوا وَأَنفِقُوا خَيْرًا لِّأَنفُسِكُمْ ۗ وَمَن يُوقَ شُحَّ نَفْسِهِ فَأُولَٰئِكَ هُمُ الْمُفْلِحُونَ (١٦) إِن تُقْرِضُوا اللَّهَ قَرْضًا حَسَنًا يُضَاعِفْهُ لَكُمْ وَيَغْفِرْ لَكُمْ ۚ وَاللَّهُ شَكُورٌ حَلِيمٌ (١٧) – سورة التغابن

എന്നാൽ ഖുർആനിൽ മറ്റു ചിലയിടങ്ങളിൽ മക്കളെ ഫിത്നയായും ശത്രുക്കളായും പറയുന്നുണ്ട്.

يَا أَيُّهَا الَّذِينَ آمَنُوا إِنَّ مِنْ أَزْوَاجِكُمْ وَأَوْلادِكُمْ عَدُوًّا لَّكُمْ فَاحْذَرُوهُمْ وَإِن تَعْفُوا وَتَصْفَحُوا وَتَغْفِرُوا فَإِنَّ اللَّهَ غَفُورٌ رَّحِيمٌ (١٥) إِنَّمَا أَمْوَالُكُمْ وَأَوْلادُكُمْ فِتْنَةٌ وَاللَّهُ عِندَهُ أَجْرٌ عَظِيمٌ (١٦)

നല്ല രീതിയിൽ മക്കളെ വളർത്തിയില്ലെങ്കിൽ തീരാനഷ്ടമാകും

عن أَنَس بْنُ مَالِكٍ ، عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " يَأْتِي عَلَى النَّاسِ زَمَانٌ لأَنْ يُرَبِّيَ أَحَدُكُمْ فِي ذَلِكَ الزَّمَانِ جِرْوَ كَلْبٍ ، خَيْرٌ لَهُ مِنْ أَنْ يُرَبِّيَ وَلَدًا لِصُلْبِهِ

ദുൻയാവിലും ആഖിറത്തിലും ഉപകരിക്കാത്ത രീതിയിൽ മക്കളെ വളർത്തുന്നത് സമൂഹത്തിനം ദോശകരമായിരിക്കും. ഇപ്പോൾ കിട്ടുന്ന ഈ അവധിക്കാലം നേരാംവണ്ണം ഉപയോഗിച്ചില്ലെങ്കിൽ പോലീസ് സ്റ്റേഷനുകളും കോടതികളും ജയിലുകളും കയറിയിറങ്ങാൻ മാത്രമേ പിന്നീട് നമുക്ക് നേരമുണ്ടാകൂ.

രക്ഷിതാക്കളെ പോലും വഴിപിഴപ്പിക്കുന്ന മക്കളായി പിന്നീട് അവർ വളരും.

സൂറത്തുൽ കഹ്ഫിൽ ഒരു കുട്ടിയെ ഖിദ്റ് (അ) വധിച്ച കഥ പറയുന്നുണ്ട്.

وَأَمَّا الْغُلَامُ فَكَانَ أَبَوَاهُ مُؤْمِنَيْنِ فَخَشِينَا أَن يُرْهِقَهُمَا طُغْيَانًا وَكُفْرًا (٨٠) فَأَرَدْنَا أَن يُبْدِلَهُمَا رَبُّهُمَا خَيْرًا مِّنْهُ زَكَاةً وَأَقْرَبَ رُحْمًا (٨١) الكهف

കുട്ടി വലുതായാൽ മാതാപിതാക്കളുടെ വിശ്വാസം വരെ പിഴപ്പിക്കും എന്നതാണ് അദ്ദേഹം കാരണം പറഞ്ഞത്.

വലുതായാൽ മുബ്തദിഇം നിരീശ്വരവാദിയും ആവുകയും അതിലേക്ക് മാതാപിതാക്കളെ കൂടി ചേർക്കുകയും ചെയ്യുന്ന മക്കളുണ്ട്.

(മക്കൾക്ക് പകർന്നു നൽകേണ്ടതിൽ ഏറ്റവും നല്ലത് അദബാണെന്ന് പറയുന്നു)

وَعَنْ أَيُّوبَ بْنِ مُوسَى ، عَنْ أَبِيهِ ، عَنْ جَدِّهِ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " مَا نَحَلَ وَالِدٌ وَلَدَهُ مِنْ نُحْلٍ أَفْضَلَ مِنْ أَدَبٍ حَسَنٍ " . رَوَاهُ التِّرْمِذِيُّ وَالْبَيْهَقِيُّ

ഇന്ന് ചിലർ മക്കളെ വളർത്തുന്നത് കറവപ്പശുക്കളെ പോലെയാണ്. വരുമാനമുണ്ടാക്കാൻ വേണ്ടിയാണ് അവരെ പഠിപ്പിക്കുന്നത് തന്നെ.

കാളക്കൂറ്റനെ പോലെ കാണുന്ന ചിലരുമുണ്ട്. മത്സരങ്ങളിൽ പങ്കെടുപ്പിച്ച് സമ്മാനം നേടാനായി മാത്രം പഠിപ്പിക്കുന്നവർ. മോഹിനിയാട്ടവും ഡാൻസും മറ്റും കളിപ്പിച്ച് സമ്മാനങ്ങൾ വാരിക്കൂട്ടു

**HADIA CSE Khutba Notes (29.03.2019)**

## അവധിക്കാലം; കളിയും കാര്യവും

ക എന്നതു മാത്രമാണ് ലക്ഷ്യം. അറിവും, ആത്മീയതയും ലഭിക്കുന്നതിനുള്ള മാർഗങ്ങൾ നോക്കുന്നില്ല.

നാം മരണപ്പെട്ടാൽ നമ്മുടെ മക്കളുടെ നല്ല അമലുകൾ നമുക്ക് കാണാൻ സാധിക്കണം. അതിന്റെ പേരിൽ നമ്മുടെ ശിക്ഷ ലഘൂകരിക്കപ്പെടും.

عن أَنَس بْنَ مَالِكٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ أَعْمَالَكُمْ تُعْرَضُ عَلَى أَقَارِبِكُمْ وَعَشَائِرِكُمْ مِنَ الْأَمْوَاتِ ، فَإِنْ كَانَ خَيْرًا اسْتَبْشَرُوا ، وَإِنْ كَانَ غَيْرَ ذَلِكَ قَالُوا : اللَّهُمَّ لَا تُمِتْهُمْ حَتَّى تَهْدِيَهُمْ كَمَا هَدَيْتَنَا."

മക്കളെ ഇൽമ് പഠിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശീലിപ്പിക്കുകയും വേണം. നാം മരിച്ചു പോയാലും നല്ല രീതിയിൽ അമൽ ചെയ്യുകയും അല്ലാഹുവോട് പൊറുക്കലിനെ തേടുകയും ചെയ്യുന്ന മക്കളാകണം.

مر موسى عليه السلام فى طريقه على المقابر فوجد رجل يعذب فى قبره ثم سار فى نفس الطريق فى المساء فوجد نفس القبر يُنعم فقال يا ربى يُعذب نهارا ويُنعم ليلا قال يا موسى (استحييت ان اعذب عبدى تحت الارض وابنه يستغفر له فوق الارض)

അതുകൊണ്ട് മക്കളെ നല്ല രീതിയിൽ വളർത്തുക. മതം പഠിപ്പിക്കുക, ഖുർആൻ പഠിപ്പിക്കുക.

قال النبي (صلعم) أنه قال: من علم ولده آية من القرآن كان ذلك خيرا له من عبادة ألف سنة صيام نهارها وقيام لياليها وخيرا من ألف دينار تصدق بها على الفقراء والمساكين

.

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9447418451**